LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം: അക്കാര്യം പ്രത്യേകം പരിശോധിച്ചിട്ട് പറയാം.

ശ്രീ. എ. എം. ആരീഫ്: സർ, ഇപ്രകാരം നേരത്തെ ആരംഭിച്ചിട്ടുള്ള ചില സംരംഭങ്ങൾ കോംപീറ്റ് ചെയ്യാൻ കഴിയാതെ നിശ്ചലമായി കിടപ്പുണ്ട്. അത് വീണ്ടെടുക്കുന്നതിനുവേണ്ടി ഇൻഡസ്ട്രീസ് സെന്ററുമായി ബന്ധപ്പെട്ട് ഒരു യോഗം ചേർന്ന് ആലോചിച്ചപ്പോൾ ജപ്തി നടപടികളടക്കം നേരിടുന്ന ഈ സ്ഥാപനങ്ങൾ വീണ്ടെടുക്കാൻ ഒരുപാട് നിയമ പ്രശ്നങ്ങളും നൂലാമാലകളുമുണ്ട്. ഇതെല്ലാം വീണ്ടെടുത്ത് ലാഭകരമായി നടത്താൻ കഴിയുന്ന സംരംഭങ്ങൾക്കായി അത് വിനിയോഗിക്കാൻ കഴിയുന്നതാണ്. അത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലൊട്ടാകെ ഉണ്ട്. അത് വീണ്ടെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: പ്രതിസന്ധിയിലായതും പൂട്ടിക്കിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനെ സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കിയിരുന്നു. പുനരുദ്ധരിക്കാൻ കഴിയുന്നവ പ്രത്യേകം തെരെഞ്ഞെടുത്ത് പുനരുദ്ധാരണത്തിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ഈ ആസ്തികളെല്ലാം വീണ്ടെടുത്ത് പുനരുദ്ധാരണത്തിന് സാദ്ധ്യതയുള്ളതെല്ലാം പരിശോധിക്കാനുള്ള നടപടി സ്വീകരിക്കാം.

ജല അതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം

2 (*512) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഅതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റ് ജീവനക്കാരുടെ പ്രതിനിധികളടങ്ങുന്ന സംയുക്ത സമിതിയുടെ ഘടനയും പ്രവർത്തനരീതിയും സംബന്ധിച്ച് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയത് ;

(സി) ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ പ്രസ്തുത സംവിധാനത്തിലൂടെ സാദ്ധ്യമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത സംവിധാനം സഹായിക്കുന്നു എന്ന് വിശദമാക്കുമോ ;

(ഇ) ഇതിനുപുറമേ കെ.ഡബ്ല്യു.എ.യുടെ ശാക്തീകരണത്തിനായി ജില്ലാ തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ,

(എ) അതോറിറ്റിയുടെ ശാക്തീകരണത്തിനായി അതോറിറ്റി ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ള പത്തംഗ കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനം നടന്നു വരികയും ചെയ്യുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി സെക്രട്ടറി ചെയർമാനായും മൂന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, മൂന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ, ഡിവിഷണൽ അക്കൗണ്ടന്റ് എന്നിവർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയാണ് രൂപീകരിച്ചത്. കമ്മിറ്റിക്ക് ജിക്ക (JICA) കൺസൾട്ടന്റ് പ്രതിനിധികളുടെ സഹായവും ലഭ്യമാക്കിയിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർ, ടെക്നിക്കൽ മെമ്പർ, അക്കൗണ്ട്സ് മെമ്പർ, 5 ചീഫ് എഞ്ചിനീയർമാർ, ഫിനാൻസ് മാനേജർമാർ എന്നിവർ ഉൾപ്പെട്ട ഒരു ഉപദേശക സമിതി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) പ്രസ്തുത സംവിധാനത്തിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ഇതിനകം സാധ്യമായിട്ടുണ്ട്.

(1) പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായി പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി പതിനാല് പ്രോജക്ട് ഡിവിഷനുകൾ നിലവിൽ കൊണ്ടുവന്നു. അതോറിറ്റി നടപ്പാക്കുന്ന മുഴുവൻ പദ്ധതികളും 14 പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കുകയും ചെയ്തിട്ടുണ്ട്.

(2) ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

(3) പരിഷ്ക്കരിച്ച വെബ്സൈറ്റ് തുറന്നു.

(4) ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

(5) ഉപഭോക്താക്കൾക്ക് സഹായം നൽകുന്നതിലേക്കായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു.

(6) അറ്റകുറ്റ പണികൾ കാലതാമസം കൂടാതെ ചെയ്യുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം ആരംഭിച്ചു.

(7) ഇ-ടെണ്ടറിംഗും ഇ-പേയ്മെന്റും നടപ്പാക്കി.

(ഡി) വർഷങ്ങളായി മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കാൻ വിഭാവനം ചെയ്ത സ്പാൻ പദ്ധതി അടക്കമുള്ള എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശാക്തീകരണത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാനും നിർദ്ദേശങ്ങൾ സ്വീകരിക്കാനും നിരവധി ജില്ലാതല വർക്ക്ഷോപ്പുകൾ നടത്തുകയും അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തുന്നതിനുള്ള അസ്സറ്റ് മാനേജ്മെന്റ് നടപ്പാക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചെയർമാൻമാരാക്കി ജില്ലാതലത്തിൽ സർക്കിൾതല കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. എ വാഹീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾക്ക് ഒരുപാട് സഹായം ചെയ്യുന്ന മന്ത്രിയാണ് അങ്ങ്. തകർന്നു പോയതുതന്നെ തിരിച്ചു കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ അങ്ങയുടെ വാട്ടർ അതോറിറ്റിയിലെ കീ പോസ്റ്റിലെ ചില ഉദ്യോഗസ്ഥർ ഉത്തരവാദിത്വങ്ങൾ എറ്റെടുക്കുന്നില്ല എന്ന് അങ്ങേക്കറിയാം. ധനകാര്യ ഉത്തരവാദിത്വ നിയമം നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. ഇങ്ങനെ ഉത്തരവാദിത്വം ഏറ്റെടുത്ത് തീരുമാനം എടുക്കുന്നതിനുപകരം കുറി എഴുതി താഴോട്ടും നോട്ട് എഴുതി മുകളിലോട്ടുംവിട്ട് അവർ സ്വസ്ഥമായിട്ടിരിക്കുകയാണ്. എ.എസ്. തന്ന്, ഫണ്ട് അനുവദിച്ച അതേ ഉദ്യോഗസ്ഥൻതന്നെ ടെൻഡർ അംഗീകാരത്തിന് ചെന്നപ്പോൾ എ.എസ്. ഉണ്ടോ; ഫണ്ട് ഉണ്ടോ; എന്നുപറഞ്ഞ് ഒരു കുറിയിട്ട് താഴേയ്ക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. ഇതുകൊണ്ട് എന്റെ നിയോജക മണ്ഡലത്തിലെ അയിലംകടവ് പദ്ധതി പത്തുവർഷമായി നടപ്പാക്കാൻ കഴിയാതെ കിടക്കുകയാണ്. ഫണ്ടെല്ലാം ഉണ്ട്. ഇങ്ങനെ കുറി എഴുതിയും നോട്ട് എഴുതിയും ശീലിക്കുന്ന ഉത്തരവാദിത്വമേറ്റെടുക്കാത്ത ചില ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നടപടി സ്വീകരിച്ച് ധനകാര്യ ഉത്തരവാദിത്വ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഈ പ്രശ്നം ധനകാര്യ വകുപ്പു മന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ ലഭ്യമായിട്ടുള്ള വർക്കുകൾ ടെൻഡർ വിളിച്ച് കട്ടേഷനെല്ലാം ലഭിച്ചതിനുശേഷം ടെൻഡർ എക്സസിന്റെ അപ്രൂവലിന് ചെല്ലുമ്പോൾ ഇത്തരത്തിലുള്ള കുറികൾ ബന്ധപ്പെട്ട ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്നുള്ള പരാതിയാണ് ശ്രീ. എം. എ. വാഹീദ് എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. ഇത് ഒരു വർക്കിനെ സംബന്ധിച്ചല്ല. ധാരാളം വർക്കുകളിൽ ഇത് കണ്ടതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുമായി ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ആ പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഇതെല്ലാം അനുഭവിച്ച ആളാണ് അദ്ദേഹം. നാടിനാവശ്യമായ പദ്ധതികൾ തകർക്കുന്ന കുറേ ഐ.എ.എസ്. ഉദ്യോഗസ്ഥരുണ്ട്. എല്ലാവരേയും ഞാൻ പറയുന്നില്ല. ചിലർ നമ്മുടെ സർക്കാരിലുണ്ട്. വ്യവസായ വകുപ്പ്, ധനകാര്യ വകുപ്പ്, ജല വിഭവ വകുപ്പ് ഇങ്ങനെ എല്ലാ വകുപ്പിലുമുണ്ട്. ഈ ഉദ്യോഗസ്ഥന്മാരിൽ ചിലർ ഏതെങ്കിലും ഒരു എം.എൽ.എ. യോട് ദ്വേഷ്യമുണ്ടെങ്കിൽ എന്തെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

വലിയ പാര അതിനകത്ത് കയറ്റിവയ്ക്കും. എനിക്ക് കിട്ടിയ പാര എന്നു പറയുന്നത്, ഒൻപത് വർഷമായി ഞാൻ ചുമന്നുകൊണ്ടു നടന്ന അയിലംകടവ് പദ്ധതി എന്റെ മണ്ഡലമായ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതിയാണ്. ടെണ്ടർ ഡോക്യുമെന്റ് അടിച്ചുമാറ്റിക്കഴിഞ്ഞു. ഇത് വളരെ ഗുരുതരമാണ്. ഇനി ടെണ്ടർ ചെയ്യണമെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ പോയി ആദ്യം മുതൽ തുടങ്ങണം. ഇനി ഒൻപത് വർഷം കഴിഞ്ഞാലും ഈ ടെണ്ടർ ഡോക്യുമെന്റോടുകൂടി ഇവിടെ എത്തുകയില്ല. ഇനി അത് ആരും എടുക്കുകയും ഇല്ല. ഇങ്ങനെ ടെണ്ടർ ഡോക്യുമെന്റ് ഉൾപ്പെടെയുള്ള ഏറ്റവും പ്രധാനപ്പെട്ട രേഖകൾ അടിച്ചുമാറ്റി പ്രോജക്ടുകൾ തകർക്കുന്നവരുണ്ട്. നല്ല നല്ല തൊഴിൽദാന പദ്ധതികളെ തകർക്കുന്നവരുണ്ട്, നല്ല നല്ല ഇൻവെസ്റ്റേഴ്സിനെ തകർക്കുന്ന ചില ഉദ്യോഗസ്ഥന്മാരുണ്ട്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഐഡന്റിഫൈ ചെയ്ത് നടപടിയെടുക്കുവാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ:</u> സർ, ശ്രീ. വാഹീദ് ഉന്നയിച്ച പ്രശ്നം അയിലംകടവ് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ടെൻഡർ ഡോക്യുമെന്റ്സ് സെക്രട്ടേറിയറ്റിൽ നിന്ന് മിസ്സിംഗായി എന്നുള്ളതാണ്. ഒരു പക്ഷേ അദ്ദേഹം സൂചിപ്പിച്ചതായിരിക്കാം ആ വിഷയത്തിലെ പ്രധാനപ്പെട്ട ഘടകം. ഏതായാലും അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രിയും ഞാനും കൂടി ബഹുമാനപ്പെട്ട എം.എ. വാഹീദിന്റെ സാന്നിദ്ധ്യത്തിൽ ഈ വിഷയം വളരെ വിശദമായി ചർച്ച ചെയ്തു. ഗവൺമെന്റ് ഇത് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ആദ്യത്തെ അനുഭവമാണ് ഒരു ടെൻഡർ ഡോക്യുമെന്റ്സ് നഷ്ടമാകുന്നത്, കാരണം സാധാരണ ടെൻഡർ ഡോക്യുമെന്റിന് ഒഫിഷ്യലി കോപ്പികൾ സൂക്ഷിക്കാറില്ല. ഏത് ഭാഗത്തുനിന്നാണിത്, സെക്രട്ടറി തലത്തിലുള്ള വീഴ്ചയാണ് എന്ന് മനസ്സിലാക്കുകയാണെങ്കിൽ, നേരത്തെ അദ്ദേഹം സൂചിപ്പിച്ച അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്ത് ടെൻഡർ വിളിച്ച വർക്കുകൾക്ക് എ.എസ്. ഉണ്ടോ എന്ന ചോദ്യം ഉന്നയിക്കുന്നത് മിക്കവാറും ബന്ധപ്പെട്ട സെക്രട്ടറി തലത്തിലാണ്. പക്ഷെ ഇത് സെക്രട്ടേറിയറ്റിന്റെ ഓഫീസ് തലത്തിൽ വന്നിട്ടുള്ള വീഴ്ചയാണെന്നാണ് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെടുന്നത്. ഏതായാലും അതിന്റെ പേരിൽ വർക്കിന് കാലതാമസം വരാതിരിക്കാൻ വേണ്ടി അസാധാരണമായ നടപടി എന്ന നിലയിൽ ലഭ്യമായിട്ടുള്ള അതിന്റെ ഒരു കോപ്പി അത് ഓതന്റിക്കേറ്റ് ചെയ്തുകൊണ്ട് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച് കാലതാമസം കൂടാതെ ആ വർക്ക് തുടർന്നുകൊണ്ടുപോകാനാവശ്യമായിട്ടുള്ള നടപടികൾ അടുത്ത മന്ത്രിസഭാ യോഗം ചർച്ചചെയ്യുന്നതാണ്. അതുപോലെ ഇത് കാണാതായതിനെ സംബന്ധിച്ചുള്ള സമഗ്രമായിട്ടുള്ള ഒരന്വേഷണത്തെ സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കും. മന്ത്രിസഭാ യോഗം അക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, ജല അതോറിറ്റിയുടെ സേവനം മെച്ചപ്പെട്ട രീതിയിലാക്കുന്നത് സംബന്ധമായിട്ടുള്ള ചോദ്യമാണ്. ഐ.ടി. മേഖലയുടെ സേവനം ഇതിനായി വിനിയോഗിക്കുന്നു എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. തിരുവനന്തപുരത്തുകാർക്കുള്ള ഒരു സൗകര്യത്തെക്കുറിച്ച് കേട്ടു. ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും ഇ-പേമെന്റിലൂടെ ബിൽ അടയ്ക്കാൻ ഉള്ള ഒരു സംവിധാനമുണ്ട്. ഇത് മറ്റുള്ള സ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ എന്താണ് നടപടി? അതുപോലെ എല്ലാവരും അനുഭവിക്കുന്ന ഒരു ബുദ്ധിമുട്ട്, ഇന്നിപ്പോൾ പൈപ്പ് ഇടണമെന്നുണ്ടെങ്കിൽ റോഡ് മുറിക്കാൻ പി.ഡബ്ല്യു.ഡി. യുടെ അനുമതി വേണം. ഇത് മുറിക്കുന്നതോടുകൂടി റോഡിന്റെ കഷ്ടകാലം വരും. അത് ശരിയാണ്. പക്ഷെ പൈപ്പ് ഇടണമല്ലോ, റോഡും നന്നാക്കണം. പൈപ്പ് ഇടുന്നതിനും റോഡ് നന്നാക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ യോജിച്ച ഒരു സംവിധാനത്തിന് എന്താണ് ചെയ്യാൻ കഴിയുക?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, രണ്ട് പ്രശ്നങ്ങളാണ്, ഒന്ന് സ്ഥാപന ശാക്തീകരണത്തിന് ഐ.ടി. ഇനിഷ്യേറ്റീവ്സാണ്. ഇൻഫർമേഷൻ ടെക്നോളജി മുൻകൈ പ്രവർത്തനങ്ങളാണ് പ്രധാനമായും ഗവൺമെന്റ് ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ശ്രീ. വർക്കല കഹാർ സൂചിപ്പിച്ച ആദ്യത്തെ കാര്യം അബാക്കസ് സംവിധാനമാണ്. അക്കൗണ്ടിംഗ് ആഡിറ്റിംഗ് ബില്ലിംഗ് തുടങ്ങിയ സംവിധാനങ്ങൾ. അതിന്റെ ഭാഗമായി കൺസ്യൂമർ റിഡ്രസ്സൽ സിസ്റ്റം, പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം അതുപോലെ ഇ-പേമെന്റ് സംവിധാനവും കേരള വാട്ടർ അതോറിറ്റിയിൽ തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ നടപ്പാക്കി. അതിന്റെ ഭാഗമായി ലോകത്ത് എവിടെയുള്ള ഒരാൾക്കും വാട്ടർ ബിൽ അടക്കമുള്ള കാര്യങ്ങൾ ഇപ്പോൾ ഇ-പേമെന്റ് സംവിധാനം വഴി കേരള വാട്ടർ അതോറിറ്റിയിൽ അടയ്ക്കാൻ കഴിയുന്നതാണ്. പക്ഷെ അത് തിരുവനന്തപുരം പി.എച്ച്. ഡിവിഷന്റെ കീഴിലുള്ള കൺസ്യൂമേഴ്സിന് മാത്രമാണ് ബാധകമായിട്ടുള്ളത്. ഈ സാമ്പത്തിക വർഷംതന്നെ കേരളത്തിലെ 14 ഡിവിഷനുകളിലും ഇത് ബാധകമാക്കിക്കൊണ്ട് ലോകത്ത് എവിടെനിന്നുവേണമെങ്കിലും ഇ-പേമെന്റ് സംവിധാനം വഴി ബില്ലടയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാനുള്ള സംവിധാനം നിലവിൽ വരും. രണ്ടാമത്തെ പ്രശ്നം കേരള ജല അതോറിറ്റിയും സംസ്ഥാനത്തെ ശുദ്ധജല വിതരണ രംഗവും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട സങ്കീർണ്ണമായ പ്രശ്നങ്ങളിലൊന്നാണ് റോഡുകളിൽ പൈപ്പ് ഇടുന്നതിനു വേണ്ടിയിട്ടുള്ള അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം. പലപ്പോഴും കൂടിവെള്ള പദ്ധതികൾ തന്നെ വേണ്ട എന്ന നിലപാടിലേയ്ക്ക് എം.എൽ.എ. മാരും ജനപ്രതിനിധികളും എത്തുന്ന സ്ഥിതിയായിട്ടുണ്ട്. കാരണം വൻതോതിൽ ഡ്രിങ്കിംഗ് വാട്ടർ സെക്ടറിൽ ഇൻവെസ്റ്റ്മെന്റ് വന്നതിന്റെ ഭാഗമായി ഇതിനാകെ പൈപ്പ് ഇടണമെന്നുണ്ടെങ്കിൽ മറ്റൊരു മാർഗ്ഗവുമില്ല. പുഷ്ട്രൂ സംവിധാനത്തെ സംബന്ധിച്ച് നമുക്ക് ആലോചിക്കാൻ പോലും കഴിയില്ല. റോഡ് ക്രോസ്സിംഗിന് പുഷ്ട്രൂ സംവിധാനമാകാം.

പക്ഷെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് പുനരുദ്ധരിച്ച റോഡുകൾ വീണ്ടും വെട്ടിക്കുഴിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ വ്യാപകമായ പ്രതിഷേധമുയർന്നു വന്നിട്ടുണ്ട്. സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ വളരെ പരിമിതമാണ്. തീർച്ചയായും പൊതുമരാമത്ത് വകുപ്പിന്റെ ചുമതല വഹിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയുമായി ഈ പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. ഇതിനൊരു മെക്കാനിസം ഉണ്ടാക്കുക എന്നുള്ളതും അസാദ്ധ്യമാണ്. കാരണം രണ്ടു ഡിപ്പാർട്ടുമെന്റിലും രണ്ട് തരത്തിലാണ് ഈ വർക്കുകളുടെ ടെണ്ടർ പ്രോസസ് നടക്കുന്നത്. വാട്ടർ അതോറിറ്റി ടെൻഡർ വിളിച്ച് വർക്ക് ആരംഭിക്കുമ്പോൾ ഒരുപക്ഷെ മറ്റേ വർക്ക് നടക്കണമെന്നില്ല. ഇത് ഒരു വലിയ സങ്കീർണ്ണമായിട്ടുള്ള പ്രശ്നമാണ്. ഇത് പരമാവധി പരിഹരിക്കുവാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. എ. എ. ഷുക്കൂർ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ആലപ്പുഴ നഗരത്തിലും മറ്റ് രണ്ട് നിയോജകമണ്ഡലങ്ങളിലെ എട്ട് പഞ്ചായത്തുകൾക്കുംകൂടിയുള്ള കുടിവെള്ള പദ്ധതിയാണ് കേന്ദ്രാവിഷ്കൃത, കേന്ദ്ര ഗവൺമെന്റിന്റെ പിൻതുണയോടെയുള്ള UIDSSMT. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് മൂന്നു വർഷമായി. ഇതുവരെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ഇഴഞ്ഞു നീങ്ങുന്നതല്ലാതെ മറ്റു പ്രവർത്തനങ്ങളിലേയ്ക്ക് പോകാൻ കഴിയുന്നില്ല. പല തടസ്സങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് മൂന്ന് നിയോജകമണ്ഡലത്തിന്റെ ഭാഗമായിട്ടുള്ള കുടിവെള്ള പദ്ധതിയാണ്. ഇതിന്റെ തടസ്സങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ? ചില കമ്മിറ്റികളുടെ നേതൃത്വത്തിൽ ചില കാര്യങ്ങൾ നടക്കുന്നതായി അറിയാൻ കഴിഞ്ഞു. ജനപ്രതിനിധികൾ അറിയുന്നില്ല. എന്താണ് ഇതിന്റെ തടസ്സമെന്ന് വിശദീകരിക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ആലപ്പുഴ കുടിവെള്ള പദ്ധതി മാരാരിക്കുളം, ആലപ്പുഴ, അമ്പലപ്പുഴ തുടങ്ങിയ മൂന്ന് പ്രധാനപ്പെട്ട മണ്ഡലങ്ങളിലെ യുഡിസ്മാറ്റും എ.ആർ.പി. യും കൂടി കമ്പൈൻ ചെയ്ത് ഏതാണ്ട് 158 കോടി രൂപയുടെ പദ്ധതിയാണ്. അതിലെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം നല്ലതുപോലെ പുരോഗമിക്കുന്നുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രക്രിയ പൂർത്തീകരിക്കുന്നതിന് പൈപ്പ് ലൈൻ തന്നെയാണ് പ്രധാനപ്പെട്ട പ്രശ്നം. ആദ്യം നാഷണൽ ഹൈവേ പരിശോധിച്ചു. നാഷണൽ ഹൈവേയുടെ പെർമിഷൻ കിട്ടാതെവന്നപ്പോൾ അലൈൻമെന്റും പൈപ്പ് ലൈനിന്റെ സംവിധാനവും മുഴുവൻ മാറ്റി. ഇപ്പോൾ തീരദേശ റോഡുവഴി പൈപ്പ്ലൈൻ ഇടുന്നതിനെ സംബന്ധിച്ചാണ് ആലോചിക്കുന്നത്. തീരദേശം വഴി പൈപ്പ് ഇടുന്നതിനെ സംബന്ധിച്ചും പ്രദേശത്ത് എതിർപ്പ് വന്നുകഴിഞ്ഞു. അതിന്റെ പശ്ചാത്തലത്തിൽ ആ അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിൽ വരുന്ന കാലതാമസമാണ്. ടെൻഡർ നടപടികളും മറ്റു ഭരണപരമായ നടപടികളുമൊക്കെ പൂർത്തീകരിച്ചു കഴിഞ്ഞു. ആ കാര്യത്തിൽ ജനപ്രതിനിധികളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ടു തന്നെയാണ് ആ പ്രവൃത്തി നടത്തുന്നത്. അടിയന്തരമായി ആലപ്പുഴയിലെ UIDSSMT-ന്റെ അവലോകന യോഗം എം.എൽ.എ. യുടേയും എം.പി. യുടേയുമൊക്കെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് ഇക്കാര്യം ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങ് ബുദ്ധിമാനായ ഒരു മന്ത്രിയാണെന്നാണ് എന്റെ വിശ്വാസം. പക്ഷെ അങ്ങയുടെ മറുപടി ഒരു ഫലിതമായാണ് എനിക്ക് തോന്നിയത്. വാട്ടർ അതോറിറ്റിയിലെ ശാക്തീകരണത്തിന് പാരവയ്ക്കുന്നവരെ വച്ചാണ് അങ്ങ് അഡ്വൈസറി ബോർഡ് ഉണ്ടാക്കിയിരിക്കുന്നത്. അതുപോലെ അങ്ങയുടെ പൗരാവകാശ രേഖ, വെള്ളം കിട്ടാത്തവരോട് പൗരാവകാശ രേഖ വായിക്കാൻ പറഞ്ഞിട്ട് ഒരു കാര്യവുമില്ല. വാട്ടർ അതോറിറ്റിയിലെ ടെൻഡർ നടപടികളാണ് ഏറ്റവും വലിയ വില്ലൻ. ഒന്നിച്ച് ടെൻഡർ ചെയ്തുകഴിഞ്ഞാൽ കരാറുകാർ ഈ പൈപ്പ് ലൈൻ മാന്തി കുഴിച്ചിടുന്ന... നെയ്യിട്ടിടം വാരുക എന്ന് നാടൻ ഭാഷയിൽ പറയും, എന്നിട്ട് ബാക്കി പണി ഉപേക്ഷിച്ചു പോകും. ഘട്ടം ഘട്ടമായി ടെൻഡർ ചെയ്താൽ അവർ എക്സ്സസ് ടെൻഡർ നൽകും അവസാനം അത് അംഗീകരിക്കാനും വൈകും. ഇങ്ങനെ ഒരുപാട് പദ്ധതികൾ നീണ്ടുപോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ 2009 ഡിസംബർ 31-ാം തീയതി പൂർത്തിയാക്കുമെന്ന് അങ്ങ് ഉദ്യോഗസ്ഥന്മാരുടെയും എന്റേയും സാന്നിദ്ധ്യത്തിൽ ഉറപ്പുനൽകിയ നെല്ലായി-പട്ടാമ്പി കുടിവെള്ള പദ്ധതി ഇതുവരെ ഒന്നുമായിട്ടില്ല. അതുകൊണ്ട് വാട്ടർ അതോറിറ്റിയിൽ സമയബന്ധിതമായി കാര്യങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചാലേ ശാക്തീകരണം വിജയിക്കുകയുള്ളൂ. അതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഈ സ്ഥാപന ശാക്തീകരണ പ്രക്രിയ കൺസൾട്ടന്റിനെ ഉപയോഗിച്ചുകൊണ്ട് ചെയ്യാനാണ് ആദ്യം ആലോചിച്ചത്. എന്നാൽ പിന്നീട് ജീവനക്കാരാണല്ലോ പ്രധാനികൾ, അതിൽ കേവലം സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥന്മാർ മാത്രമല്ല, അവരെക്കൂടി പ്രവൃത്തികളിൽ പങ്കെടുപ്പിച്ചുകൊണ്ടാണ് അത് ആരംഭിച്ചത്. ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. കാരണം കേരള വാട്ടർ അതോറിറ്റിയുടെ പുനഃക്രമീകരണം, പ്രോജക്ട് ഡിവിഷൻ എന്ന പേരിലും വാട്ടർ സപ്ലൈ ഡിവിഷൻ എന്ന പേരിലുമുള്ള പുനഃക്രമീകരണ പ്രക്രിയ ജീവനക്കാരുടെ സമ്പൂർണ്ണ സഹകരണത്തോടുകൂടി നടപ്പാക്കാൻ കഴിഞ്ഞത് അവർകൂടി തയ്യാറാക്കിയ ഒരു റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലാണ്. ശ്രീ. സി. പി. മുഹമ്മദ് ടെൻഡർ നടപടികളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ച ഒരു പ്രശ്നം വളരെ പ്രസക്തമാണ്. അദ്ദേഹം സൂചിപ്പിച്ച ഒരു പോയിന്റ് ഞാൻ ഇവിടെ ക്ലാരിഫൈ ചെയ്യാൻ ആഗ്രഹിക്കുകയാണ്. ടെൻഡർ നടപടികളിൽ, നേരത്തെ അത് ചില വാർത്തകളിലുമൊക്കെ കഴിഞ്ഞദിവസങ്ങളിൽ വന്നിട്ടുള്ളതാണ്. പൈപ്പിന്റെ റേറ്റ് അധികരിച്ച് ക്വാട്ട് ചെയ്യുക, road restoration പ്രക്രിയയ്ക്ക് ആവശ്യമായ തുക പരിമിതമായി മാത്രം ക്വാട്ട് ചെയ്യുക, അങ്ങനെ വരുമ്പോൾ ക്വാട്ട് ചെയ്ത എമൗണ്ടിന്റെ 75 ശതമാനം മെറ്റീരിയൽ അഡ്വാൻസായി റിയലൈസ് ചെയ്യാമെന്നുള്ളതുകൊണ്ട് പലപ്പോഴും അത്തരത്തിൽ ക്വാട്ട് ചെയ്യുന്നു എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസത്തിൽ ചേർന്ന കേരള

വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡ് യോഗം എസ്റ്റിമേറ്റഡ് ക്വാണ്ടിറ്റിയുടെ 75 ശതമാനം മാത്രമേ കൊടുക്കാവൂ എന്നുപറഞ്ഞുകൊണ്ട് ആ ലൂപ് ഹോളും അടച്ചു. മാത്രവുമല്ല ഇ-ടെൻഡറിംഗ് പ്രോസ്സസിനെ സംബന്ധിച്ചിടത്തോളം ജൂലായ് 15 മുതൽ ഇ-പേമെന്റ് സംവിധാനം നടപ്പാക്കിയതോടുകൂടി ഇ-ടെൻഡറിംഗിന്റെ ഭാഗമായിട്ടുള്ള കോൺഫിഡൻഷ്യാലിറ്റി കുറേക്കൂടി മെച്ചപ്പെടുത്താൻ കഴിഞ്ഞു. ഇപ്പോൾ ഏതാണ്ട് 100 ശതമാനം കുറ്റമറ്റ സംവിധാനം എന്ന വിശ്വാസത്തിലാണ് ഇ-ടെൻഡറിംഗ് പ്രോസ്സസ് കാര്യക്ഷമമായി പുരോഗമിക്കുന്നത്. അത്തരത്തിൽ ലൂപ് ഹോൾസ് എല്ലാം അടച്ചുകൊണ്ട് ടെൻഡറിംഗ് പ്രക്രിയ സുതാര്യമാക്കാനും പരമാവധി ഗവൺമെന്റിന്റെ ധനതാൽപ്പര്യവും സാമൂഹ്യതാൽപ്പര്യവും സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. സി. എം. ദിനേശ് മണി: സർ, കുടിവെള്ള വിതരണം മാത്രമല്ല മലിനജല സംസ്ക്കരണവും വാട്ടർ അതോറിറ്റിയുടെ ചുമതലയാണ്. കേരളത്തിൽ അങ്ങ് തന്നെ ഇവിടെ സഭയിൽ പറഞ്ഞതാണ്. 80 ശതമാനം കിണറുകളും കുളങ്ങളും കോളിഫോം ബാക്ടീരിയ കലർന്ന വെള്ളം ഉള്ളതാണെന്ന്. വാട്ടർ അതോറിറ്റി സ്വീവേജ് ട്രീറ്റ്മെന്റ് രംഗത്തും പരാജയമാണ്. അതുകൊണ്ട് കേരളത്തിന്റെ ഗുരുതരമായ അവസ്ഥ പരിഗണിച്ചുകൊണ്ട് അങ്ങ് ഇപ്പോൾ സ്വീവേജ് ട്രീറ്റ്മെന്റിന്റെ ചുമതല എങ്ങനെയാണ് ഫലപ്രദമായി നടപ്പിലാക്കാൻ പോകുന്നത്. അതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സ്വീവേജ് ട്രീറ്റ്മെന്റ് രംഗത്ത് കേരളാ വാട്ടർ അതോറിറ്റിക്ക് ഒരു എക്സ്പർട്ടൈസ് സംവിധാനമുണ്ടെന്ന് ഞാനും വിശ്വസിക്കുന്നില്ല. പലപ്പോഴും ഈ JNNURM അടക്കമുള്ള പദ്ധതികളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റേത് വിശദമായിട്ടുള്ള പരിശോധനയും കൺസൾട്ടൻസിയുമൊക്കെവച്ചുകൊണ്ടാണ് ഇപ്പോൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. കോർപ്പറേഷനുകളിലും പ്രധാനപ്പെട്ട നഗരങ്ങളിലുമൊക്കെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഒരു പരിധിവരെ കേരളാ വാട്ടർ അതോറിറ്റിക്ക് നടപ്പിലാക്കാൻ കഴിയും. പക്ഷേ കഴിഞ്ഞ ദിവസം മലിനജല സംസ്ക്കരണത്തെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. ആ കാര്യത്തിൽ ഒരു വികേന്ദ്രീകൃത സ്വഭാവം സ്വീകരിച്ചുകൊണ്ട് മലിനജല സംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതായിരിക്കും ഏറെ ഉചിതം. ഏതായാലും ഈ കാര്യത്തിൽ കേരളാവാട്ടർ അതോറിറ്റിയുടെതന്നെ എഞ്ചിനിയേഴ്സിനെ നിരവധി പരിശീലനത്തിന് അയയ്ക്കുന്നുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള രണ്ടു പ്രധാനപ്പെട്ട സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ട്. തിരുവനന്തപുരത്തേത് പുരോഗമിക്കുന്നുണ്ട്. കൊച്ചിയിലേത് ഉടൻതന്നെ നിർമ്മാണം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, കൊച്ചിയിലെ ഏറ്റവും പ്രധാനപ്പെട്ട കുടിവെള്ള പദ്ധതിയാണ് JNNURM പദ്ധതി. അത് പൂർത്തിയാക്കേണ്ട സമയത്ത് പൂർത്തിയാകുമോ എന്നതിനെ സംബന്ധിച്ച് ഇപ്പോൾത്തന്നെ ആശങ്കയുണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണം അങ്ങ് നേരത്തെ സൂചിപ്പിച്ച റോഡ് കുഴിക്കുന്ന പ്രശ്നമാണ്. അത് എത്രയും വേഗം നടപ്പിലാക്കുക, അതോടൊപ്പം എറണാകുളം നഗരപ്രദേശങ്ങളിലുള്ള പഞ്ചായത്തുകളിൽ വെള്ളം കുറെ എത്തിയിട്ടുണ്ട്. അവിടെ ഹൗസ് കണക്ഷൻ കൊടുക്കാനുള്ള തീരുമാനംകൂടി അങ്ങ് എടുക്കുമോ? അത് പ്രഖ്യാപിക്കാൻ കഴിയുമോ എന്നുള്ളതാണ്?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. കൊച്ചിയിലെ ശുദ്ധജലവിതരണ പ്രശ്നം ഇന്നലെ, ബഹുമാന്യരായ എം.എൽ.എ.മാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തതാണ്. അവിടെ JNNURM പദ്ധതി പുരോഗമിക്കുന്നുണ്ടെങ്കിൽപ്പോലും റോഡ് കട്ടിംഗിനുവേണ്ടിയുള്ള പെർമിഷൻ കിട്ടാത്തതിന്റെ പേരിലാണ് ഇപ്പോൾ താമസിക്കുന്നത്. ഏതായാലും അതിനാവശ്യമായ തീരുമാനങ്ങൾ കഴിഞ്ഞ ദിവസം കൈക്കൊണ്ടിട്ടുണ്ട്. എറണാകുളം, തൃപ്പൂണിത്തുറ വടക്കേക്കര തുടങ്ങിയ പ്രദേശങ്ങളിലും പറവൂർ ഉൾപ്പെടെയുള്ള മേഖലകളിലും പുതിയ കുടിവെള്ള കണക്ഷൻ കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ആഗസ്റ്റ് മാസം ഒന്നാം തീയതി മുതൽതന്നെ കണക്ഷൻ കൊടുത്തുതുടങ്ങുന്നതാണ്. ഇപ്പോൾ ഹഡ്കോ പദ്ധതി നടപ്പിലാക്കിയതോടുകൂടി കൊച്ചിയിലും നഗരപ്രദേശത്തും പ്രാന്തപ്രദേശങ്ങളിലും സഫിഷ്യന്റായി വെള്ളം ലഭ്യമായ പശ്ചാത്തലത്തിൽ കണക്ഷനുള്ള അപേക്ഷകൾ ഈ മാസം 25-ാം തീയതി മുതൽതന്നെ സ്വീകരിച്ചുകൊണ്ട് ആഗസ്റ്റ് ഒന്നാം തീയതി മുതൽ എറണാകുളം മേഖലയിൽ പുതിയ കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, വാട്ടർ സപ്ലൈ ഡിപ്പാർട്ടുമെന്റ് ഇതിന് മുമ്പ് ഇട്ടിട്ടുള്ള കുറേ പൈപ്പുകളുണ്ട്. ഇപ്പോൾ പുതിയതായി വെള്ളം കൊടുക്കാനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നടുവിലിട്ടിട്ടുള്ള പൈപ്പിലൂടെയാണ് ഇത് സപ്ലൈ ചെയ്യുന്നത്. ആ പൈപ്പുകളെല്ലാം പൊട്ടിത്തെറിക്കുകയാണ്. അതിന്റെ ഫലമായി പുതിയ പദ്ധതികൾ ആരംഭിച്ചെങ്കിലും പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ആളുകൾക്ക് വെള്ളം കിട്ടാത്ത സ്ഥിതി വന്നിരിക്കുന്നു. അത് റീപ്ലെയിസ് ചെയ്യാൻ എന്തെങ്കിലും പദ്ധതികളുണ്ടോ? കാളിഫാം ബാക്ടീരിയ കലർന്ന വെള്ളമാണ് എല്ലായിടത്തും ഇപ്പോൾ മിനറൽ വാട്ടർ കമ്പനിക്കാർ സപ്ലൈ ചെയ്തുകൊണ്ടിരിക്കുന്നത്. പല കമ്പനികളുടേയും മിനറൽ വാട്ടർ പരിശോധിച്ചപ്പോൾ അതിനകത്തെല്ലാം കാളിഫാം ബാക്ടീരിയയുണ്ട്. അതിനുപകരമായി ഡിപ്പാർട്ടുമെന്റുതന്നെ ബോട്ടിൽ വാട്ടർ കൊടുക്കും എന്ന ഒരു സ്കീമുണ്ടായിരുന്നു. അത് എന്തായി? ഈ കമ്പനികൾ ഏതെങ്കിലും കുളത്തിൽനിന്നോ കിണറ്റിൽ

നിന്നോ കോരിയെടുത്ത് മിനറൽ വാട്ടർ എന്നുപറഞ്ഞുകൊണ്ട് അടച്ച് വിതരണം ചെയ്യുന്ന വെള്ളത്തിൽ ക്വാളിഫാം ബാക്ടീരിയ കണ്ടെത്തിയാൽ ആ കമ്പനികളുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ബോട്ടിൽ വാട്ടർ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ മാലിന്യം കലർന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കേണ്ടത് പൊല്യൂഷൻ കൺട്രോൾ ബോർഡും ബന്ധപ്പെട്ട വകുപ്പുമാണ്. എന്നാൽപ്പോലും പൊതുമേഖലയിൽത്തന്നെ കുപ്പികളിൽ കുടിവെള്ളവിതരണം ചെയ്യുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. 2011 ഫെബ്രുവരി മാസത്തിൽ കുപ്പി വെള്ളം വിപണിയിൽ ഇറക്കാനുള്ള പരിശ്രമത്തിലാണ് കേരള വാട്ടർ അതോറിറ്റി. വിപണിയിലിറക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ പൊട്ടുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒന്നും ചെയ്യാൻ കഴിയില്ല.. ഇപ്പോൾ കേരള വാട്ടർ അതോറിറ്റി സെക്കന്റ് പ്രയോറിറ്റി കൊടുത്തിട്ടുള്ളത് നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ എ.സി. പൈപ്പുകൾ (ആസ്ബറ്റോസ് സിമന്റ്), പ്രിമോ പൈപ്പുൾപ്പെടെയുള്ളവ റീപ്ലെയിസ് ചെയ്തുകൊണ്ട് കാസ്റ്റ്അയൺ പൈപ്പോ അല്ലെങ്കിൽ യു.പി.വി.സി. പൈപ്പോ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചാണ്. നിലവിലുള്ള റിഹാബിലിറ്റേഷനാണ് കേരളാ വാട്ടർ അതോറിറ്റിയിൽ സെക്കന്റ് പ്രയോറിറ്റിയായി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാന ജല അതോറിറ്റി ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം നൽകുമ്പോൾത്തന്നെ വെള്ളത്തിനുള്ള സ്രോതസുകൾകൂടി പദ്ധതിയിൽ ഉൾപ്പെടുത്താത്തതുകാരണം മൈനർ ഇറിഗേഷൻ വകുപ്പ് റെഗുലേറ്ററുകൾ നിർമ്മിക്കേണ്ടിവരുന്നു. ഇക്കാരണത്താൽ കാസർഗോഡ് ബാവിക്കരപോലുള്ള റെഗുലേറ്റർ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വെള്ളത്തിന്റെ സ്രോതസുകൂടി കേരള വാട്ടർ അതോറിറ്റി തന്നെ കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഇത് കാസർഗോഡ് പട്ടണത്തിലെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഉപ്പുവെള്ളം കയറുന്നതുമൂലം ശുദ്ധജലവിതരണം പലപ്പോഴും തടസ്സപ്പെടുന്നു. അത് തടയുന്നതിനുവേണ്ടിയാണ് ബാവിക്കര റെഗുലേറ്റർ-കം -ബ്രിഡ്ജ് എൻവിസേജ് ചെയ്ത് നിർമ്മാണം ആരംഭിച്ചത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ കരാറുകാർ, തർക്കങ്ങൾ, ടെൻഡർ തടസ്സങ്ങൾ തുടങ്ങിയ കാരണങ്ങളാൽ വലിയ കാലവിളംബം നേരിട്ടു. ആ തടസ്സങ്ങൾ എല്ലാം പരിഹരിച്ചു. ഇപ്പോൾ റീ-ടെൻഡർ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 2010-ൽത്തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ഏതാണ്ട് രണ്ട് സീസണെങ്കിലും വർക്കിന് വേണ്ടിവരും. 2011 മേയ് മാസത്തോടുകൂടി ബാവിക്കര റഗുലേറ്റർ കം-ബ്രിഡ്ജ് പൂർത്തീകരിക്കപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ കാസർഗോഡ് പട്ടണത്തിലെ സലൈനിറ്റി പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

ശ്രീ. കെ. രാജു: സർ, ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായ മീനാട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എൺപത് എൺപത്തിയഞ്ചു ശതമാനം പൂർത്തിയായി. പുനലൂർ മുനിസിപ്പാലിറ്റിയിൽനിന്നാണ് ഈ പദ്ധതിക്ക് ആവശ്യമായ വെള്ളം സംഭരിക്കുന്നത്. സംഭരണശാലയും ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഈ മുനിസിപ്പൽ മേഖലയിൽ ഈ വെള്ളം ഉപയോഗിക്കാൻ കഴിയുന്നില്ല. പറവൂർ മുനിസിപ്പാലിറ്റിയിലെ മറ്റ് 13 പഞ്ചായത്തുകളിലാണ് ഈ വെള്ളം ഉപയോഗിക്കുന്നത്. മീനാട് പദ്ധതിയിലെ വെള്ളം പുനലൂർ മുനിസിപ്പാലിറ്റിക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ അതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ കഴിയുമോ? എന്നത്തേയ്ക്ക് ഇത് കമ്മിഷൻ ചെയ്യാൻ കഴിയും.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, പദ്ധതി 100 ശതമാനം കമ്മിഷൻ ചെയ്തെങ്കിലും കേരളാ വാട്ടർ സപ്ലൈ പ്രോജക്ടിന്റെ എഗ്രിമെന്റ് പ്രകാരം രണ്ടുവർഷക്കാലം ഇതിന്റെ ഓപ്പറേഷനും മെയിന്റനൻസും നടത്താനുള്ള അധികാരം പൂർണ്ണമായി ഈ കൺസൾട്ടന്റിനും ബന്ധപ്പെട്ട കമ്പനികൾക്കുമാണ്. ആ രണ്ടുവർഷം കഴിഞ്ഞതിനുശേഷം മാത്രമേ കേരളാ വാട്ടർ അതോറിറ്റിയുടെ പൂർണ്ണ നിയന്ത്രണത്തിലേയ്ക്കും ഉടമസ്ഥതയിലേയ്ക്കും ഈ പ്രോജക്ട് വരികയുള്ളൂ. അതുകൊണ്ട് ആ രണ്ടുവർഷം കഴിഞ്ഞതിനുശേഷം മാത്രമേ ജപ്പാൻ കുടിവെള്ളപദ്ധതി എന്ന പേരിൽ വിളിക്കപ്പെടുന്ന കേരളാവാട്ടർ സപ്ലൈ പ്രോജക്ടിന്റെ വിപുലീകരണ പ്രക്രിയ സംബന്ധിച്ച് നമുക്ക് ആലോചിക്കാൻ കഴിയൂ. ജപ്പാൻ ബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള മീനാട് കുടിവെള്ള പദ്ധതി 2010-ൽത്തന്നെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. പി. മോഹനൻ: സർ, ജല അതോറിറ്റിയെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞത് നല്ലതാണ്. അങ്ങ് മന്ത്രിയായ വർഷംതന്നെ എല്ലാ ജില്ലകളിലും അവലോകനയോഗങ്ങൾ നടത്തിക്കൊണ്ട് അവിടത്തെ പ്രവൃത്തികളൊക്കെത്തന്നെ കൂടുതൽ കാര്യക്ഷമതയോടുകൂടി നടത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചു. 2006 ഡിസംബർ 31-ന് ഉദ്ഘാടനം ചെയ്യുമെന്ന് പറഞ്ഞ എന്റെ മണ്ഡലത്തിലെ തൃപ്പംകോട്ട് പഞ്ചായത്തിലെ മൂന്നുകോടി രൂപയുടെ കുടിവെള്ളപദ്ധതി ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ല എന്ന ഒറ്റക്കാരണത്താൽ നിറുത്തിവച്ചു. ഇതുവരെ അത് സമ്പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ട്രീറ്റ്മെന്റ് പ്ലാന്റ് കൂടി അനുവദിച്ചുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഇവിടെ സൂചിപ്പിച്ച ആ പദ്ധതിയെ സംബന്ധിച്ച് വ്യക്തമായി ഇപ്പോൾ പറയാൻ കഴിയില്ല. തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാതലത്തിലുള്ള റിവ്യൂ മീറ്റിംഗ് ഒന്നുരണ്ട് വർഷം നടത്തിയതിനുശേഷം,

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ബന്ധപ്പെട്ട എം.എൽ.എ.മാർ ആവശ്യപ്പെടുന്നതനുസരിച്ച് മണ്ഡലാടിസ്ഥാനത്തിൽത്തന്നെ, മിക്കവാറും എല്ലാ മണ്ഡലത്തിലും റിവ്യൂ മീറ്റിംഗ് നടത്തുമ്പോൾ ഇത്തരത്തിലുള്ള പരമാവധി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്.

ശ്രീ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ജലവിഭവ വകുപ്പിന്റെ ചാർജ്ജ് എടുത്തശേഷമാണ് മലബാറിലെ പല കുടിവെള്ള പദ്ധതികൾക്കും ശാപമോക്ഷം ലഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന പല പദ്ധതികളും ഉൾപ്പെടുത്തിയിട്ടാണ് സ്പാൻ എന്ന പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ ശ്രമിച്ചത്. അതിന്റെ ഭാഗമായി വർക്ക് നടന്നു കൊണ്ടിരിക്കുകയാണ്. മലബാർ പാക്കേജിൽ ഉൾപ്പെടുത്തി എന്റെ മണ്ഡലത്തിൽ നടപ്പാക്കുന്ന കൂത്തുപറമ്പ്-കോട്ടയം-പാട്യം ശുദ്ധജലവിതരണ പദ്ധതി സാർക്ക് എന്നുപറയുന്ന ഒരു പ്രത്യേക പാക്കേജിൽ നടപ്പാക്കാം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നത്. പക്ഷേ അക്കാര്യത്തിൽ ഇപ്പോൾ മന്ദീഭാവമാണ്. ഉദ്യോഗസ്ഥർ പൊതുവേ ഈ മലബാർ മേഖലയിലെ കുടിവെള്ള പദ്ധതികളോട് തികഞ്ഞ അനാസ്ഥയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പാക്കേജാക്കിയിട്ടുണ്ടെങ്കിലും അതിന്റെ മന്ദീഭാവം ഇപ്പോഴും തുടരുകയാണ്. അക്കാര്യം ത്വരിതപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഈ ഗവൺമെന്റ് വന്നതിനു ശേഷം ഡ്രിങ്കിംഗ് വാട്ടർ സെക്ടറിൽ ഏറ്റവും കൂടുതൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടായിട്ടുള്ളത് കേരളത്തിൽ പ്രത്യേകിച്ചും മലബാർ മേഖലയിലാണ്. വൻതോതിലുള്ള മൂലധനനിക്ഷേപമാണ് ഡ്രിങ്കിംഗ് വാട്ടർ സെക്ടറിൽ മലബാർ മേഖലയിൽ വന്നിട്ടുള്ളത്. അതിൽ ആദ്യം സ്പാൻ എന്ന പേരിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്ന പ്രോജക്ടിന്റെ ഭാഗമായി അഞ്ചരക്കണ്ടിയടക്കം ഏതാണ്ട് പത്തുമുപ്പതുവർഷമായി 41 കോടി രൂപ ചെലവഴിച്ച് പൂർത്തിയാകാതെ മുടങ്ങിക്കിടന്ന പദ്ധതികൾ ശ്രീ. പി. ജയരാജന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽത്തന്നെ ഏറ്റെടുത്ത് അത് ഏതാണ്ട് ഈ വർഷംതന്നെ പൂർത്തീകരിക്കാൻ കഴിയും. രണ്ടാമതായി ധനകാര്യമന്ത്രി പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജ് Special Assistance against Recession in Kerala - SARK എന്ന ചുരുക്കപ്പേരിൽ ഒരു പദ്ധതിയുണ്ടാക്കി കോട്ടയം-പാട്യം-കൂത്തുപ്പറമ്പ് കുടിവെള്ള പദ്ധതി ഗവൺമെന്റ് ഏറ്റെടുത്തത്. അതിൽ ഏതെങ്കിലും തരത്തിലുള്ള മന്ദീഭാവമുണ്ടെങ്കിൽ അടിയന്തരമായി പരിശോധിച്ച് ഈ സാമ്പത്തികവർഷം തന്നെ അതിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ: സർ, നെയ്യാറ്റിൻകര താലൂക്കിലെ നാല് നിയോജ കമണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് 12 വർഷം മുൻപ് ആരംഭിച്ച പദ്ധതിയാണ് കാളിപ്പാറ പദ്ധതി. ബഹുമാനപ്പെട്ട മന്ത്രി വന്നതിനുശേഷം അതിന് കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. അതിന്റെ പണി നടക്കുന്നു. എന്നത്തേയ്ക്ക് അത് പൂർത്തിയാകുമെന്ന് പറയാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: അതിന്റെ പണി ആരംഭിച്ചിട്ടില്ല. 136 കോടി രൂപയുടെ ഭരണാനുമതി ഈ സാമ്പത്തിക വർഷമാണ് നൽകിയത്. അതും സ്പാനിൽ ഉൾപ്പെടുത്തിയതാണെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിന്റെ പേരിൽ നബാർഡ് അത് ഉപേക്ഷിക്കുകയായിരുന്നു. എന്നാൽ ഇപ്രാവശ്യം ബന്ധപ്പെട്ട എം.എൽ.എ.മാർ എല്ലാവരും കൂടി മുൻകൈയെടുത്തുകൊണ്ട് കാളിപ്പാറ പദ്ധതിക്ക് 136.40 കോടി രൂപയുടെ ഭരണാനുമതി നൽകി. 21 കോടി രൂപ ചെലവഴിച്ച് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തീകരിച്ചിട്ട് 15 വർഷത്തിലധികമായി. അതിന്റെ ടെണ്ടർ പ്രോസ്സസ് പൂർത്തീകരിച്ച് കഴിഞ്ഞാൽ ഈ വർഷംതന്നെ പുനർനിർമ്മാണം നടത്താവുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ശുദ്ധജല വിതരണത്തിനുവേണ്ടി അങ്ങ് നടത്തുന്ന പ്രവർത്തനത്തെ അംഗീകരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ആറ് ഡാമുകളുണ്ട്. ആറ് ഡാമുകളുണ്ടെങ്കിലും ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മണ്ഡലമാണ് കൊല്ലങ്കോട്. കൊല്ലങ്കോട് മണ്ഡലത്തിലെ നെൻമാറ, അയിലൂർ, ആലത്തൂർ മേലാർകോട് പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം ശക്തമാക്കുന്നതിനുവേണ്ടി 1,20,00,000 രൂപ ചെലവഴിച്ച് ഒരു പദ്ധതി കമ്മീഷൻ ചെയ്തു. ഇത് നിലവിലുള്ള പദ്ധതിയാണ്. അതിൽ എം.എൽ.എ. ഫണ്ട് 58 ലക്ഷം രൂപ, ബി.ആർ.ജി.എഫ്-ന്റെ 40 ലക്ഷം രൂപ, പഞ്ചായത്തുകളിൽ നിന്ന് ബാക്കി പൈസയും കൂടി ചേർത്തിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട മന്ത്രി വന്നാണ് ഉദ്ഘാടനം ചെയ്തത്. സ്പാനിൽ ഉൾപ്പെട്ട ഒരു പദ്ധതി ഇപ്പോൾ പൂർത്തീകരിക്കാൻ പോവുകയാണ്. നെൻമാറ-പോത്തുണ്ടി ഡാമിനെ കേന്ദ്രീകരിച്ച് ഒരു സമഗ്ര കുടിവെള്ള പദ്ധതി വരുമെന്ന് പറയാൻ തുടങ്ങിയിട്ട് കുറേ കാലമായി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു പരാതി കൊടുത്തു, അത് എം.ഡി.ക്ക് കൊടുത്തു, എം.ഡി. അത് ഡിവിഷന് കൊടുത്തു, ഡിവിഷൻ അത് സബ് ഡിവിഷന് കൊടുത്തു. ഇത് എത്രയും വേഗം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: ശ്രീ. വി. ചെന്താമരാക്ഷൻ സൂചിപ്പിച്ചത് ഒരു പുതിയ പദ്ധതിയെ സംബന്ധിച്ചാണ്. വേറെ പദ്ധതികൾ ധാരാളമുണ്ട്. ഇതുകൂടാതെ ഇപ്പോൾ എല്ലാ നിയോജകമണ്ഡലങ്ങളിൽനിന്നും വരുന്നത് Comprehensive Drinking Water Supply Schemes-ന്റെതാണ്. ഒരു പഞ്ചായത്തിനോ അല്ലെങ്കിൽ ഒന്നോ അതിലധികമോ പഞ്ചായത്തുകൾക്കോ മുഴുവൻ ബാധകമായിട്ടുള്ള വാട്ടർ സപ്ലൈ സ്കീംസിന്റെ ഡിമാന്റാണ് ഇപ്പോൾ കൂടുതലുള്ളത്. അത് മിക്കവാറും ഡാമുകളും നദികളും സ്രോതസ്സായി

സ്വീകരിച്ചുകൊണ്ടുള്ള പദ്ധതികളാണ്. നെൻമാറ-പോത്തുണ്ടി പദ്ധതിയും സർക്കാർ സജീവമായി പരിശോധിച്ചുവരികയാണ്. അതിന്റെ ലേറ്റസ്റ്റ് പൊസിഷൻ നോക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരത്തെതന്നെ കമ്മീഷൻ ചെയ്ത ചില ജലവിതരണ പദ്ധതികൾക്ക് ഹൗസ് കണക്ഷൻ കൊടുക്കുമെന്ന പ്രഖ്യാപനമുണ്ടായിരുന്നതാണ്. അതിനുള്ള അപേക്ഷകൾപോലും വാട്ടർ അതോറിറ്റി അധികാരികൾ വാങ്ങുന്നില്ല. അതോടൊപ്പംതന്നെ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള ചില പദ്ധതികൾ കാലത്തിനൊത്ത് റിവൈവ് ചെയ്യേണ്ട സാഹചര്യം വന്നിരിക്കുകയാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ആ പദ്ധതി പഴയ രൂപത്തിൽത്തന്നെ നിന്നുപോകും. അത് ജനങ്ങൾക്ക് കൂടുതൽ വെള്ളം കൊടുക്കുന്നതിന് സഹായകരമാകില്ല. ആ പദ്ധതിയുടെ എക്സ്റ്റൻഷൻ എന്നുള്ള നിലയിൽ പുതിയ ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: തീർച്ചയായും ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ്. സത്യത്തിൽ കേരളത്തിൽ ആദ്യം വൻതോതിൽ എൽ.ഐ.സി., വേൾഡ് ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ് പദ്ധതികൾ ആരംഭിച്ചത്. ആ പദ്ധതികളുടെയൊക്കെ കാര്യക്ഷമത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പലതും ഏതാണ്ട് 40 ശതമാനം, 50 ശതമാനത്തിന് താഴെയായി വന്നിട്ടുണ്ട്. അത് റീഹാബിലിറ്റേറ്റ് ചെയ്യുന്ന കാര്യവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. സി. കെ. സദാശിവൻ: സർ, ശുദ്ധജലം ലഭിക്കുക എന്നത് ജന്മാവകാശമാണെന്ന് സുപ്രീം കോടതിതന്നെ പറയുകയുണ്ടായി. കുട്ടനാട്ടിലെ ചില പഞ്ചായത്തുകളിൽ ഇപ്പോഴും അണുവിമുക്ത വെള്ളം ലഭിക്കുന്നില്ല. ഞാൻ കുട്ടനാട്ടുകാരനാണ്. അവിടത്തെ വെള്ളം കുടിച്ച് ഇപ്പോൾ പാമ്പ് കടിച്ചാൽ പോലും ഞാൻ മരിക്കാത്ത പരുവത്തിലായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഉദാരമതിയാണ്. ഇതെല്ലാം മനസ്സിലാക്കി അദ്ദേഹം 186 കോടി രൂപയുടെ ഒരു പദ്ധതി അവിടെ പ്രഖ്യാപിക്കുകയും എന്നെയും കുട്ടനാട്ടിലെ എം. എൽ. എ. മാരായ ശ്രീ. തോമസ് ചാണ്ടി, ശ്രീ. കെ. കെ. ഷാജു എന്നിവരെയും വിളിച്ച് ചർച്ച നടത്തുകയും ഞങ്ങൾ വ്യക്തമായ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 186 കോടി രൂപയുടെ ആ പദ്ധതിയെക്കുറിച്ച് പറയണം. അതുപോലെ കോളറ ഉണ്ടായപ്പോൾ കൈനകരിയിൽ 52 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ട് ഒരു വർഷത്തിലേറെയായി. ആ പദ്ധതി എവിടെവരെയായി എന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: കൈനകരി പദ്ധതിയിൽ ക്യാബിനറ്റ് അംഗീകാരം നൽകിയ തുക ചെലവഴിക്കാത്തതുമായി ബന്ധപ്പെട്ട പ്രശ്നം ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുവരികയാണ്. അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുട്ടനാട് വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈ സ്കീമിന് 186 കോടി രൂപയുടെ പദ്ധതി ഗവൺമെന്റ് ഓഫ് ഇൻഡ്യയ്ക്ക് സബ്മിറ്റ് ചെയ്തു കഴിഞ്ഞു. JICA-യുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് സമർപ്പിച്ചിട്ടുള്ളത്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ അനുമതി ലഭ്യമായാലുടൻ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്. Right to save water എന്നു പറഞ്ഞാൽ Right to save piped water എന്നല്ല. ആ കൺസെപ്റ്റിൽ കാതലായ മാറ്റം വരുത്തേണ്ട ആവശ്യമുണ്ട്. ജലം ലഭിക്കാനുള്ള അവകാശം എന്നു പറഞ്ഞാൽ പൈപ്പ്ഡ് വാട്ടർ ലഭിക്കാനുള്ള അവകാശമല്ല, Right to access to save water എന്നാണ് സുപ്രീം കോടതി ഇതിനെ ഡിഫൈൻ ചെയ്തിട്ടുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം നമ്മുടെ നാട്ടിൽ തീർച്ചയായും കൊണ്ടുവരേണ്ട ഒരു കാലം അതിക്രമിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ വീടുകളിലും വെളിച്ചം കൊടുത്തു. എല്ലാവർക്കും ശുദ്ധമായ വെള്ളം കൊടുക്കണമെന്ന് ആഗ്രഹമുണ്ട്. ഈ നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകൾ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ഞാൻ അങ്ങേയ്ക്ക് പല പ്രാവശ്യം നിവേദനം നൽകിയിട്ടുണ്ട്. അങ്ങ് അക്കാര്യത്തിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. പടിയൂർ സമഗ്ര കുടിവെള്ള പദ്ധതി മൂന്ന് പഞ്ചായത്തുകൾക്ക് പ്രയോജനം കിട്ടുന്ന പദ്ധതിയാണ്. അത് എത്രയും വേഗം നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: തീർച്ചയായും അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, പട്ടുവം പദ്ധതിയിൽ പ്രധാനപ്പെട്ട പൈപ്പ് ഇടുന്നതിൽ അന്ന് ഉദ്യോഗസ്ഥൻമാർ ബോധപൂർവ്വം ചില സ്ഥലങ്ങൾ ഒഴിവാക്കി. മൂന്ന് സ്ഥലം ഞാൻ മധ്യസ്ഥം പറഞ്ഞ് തീർത്തു. ഒരു സ്ഥലത്ത് നഷ്ടപരിഹാരം കൊടുക്കാതെ തീർക്കാൻ കഴിയില്ല. അതിന് അടിയന്തര നടപടി സ്വീകരിക്കാതെ ഈ പദ്ധതി പൂർത്തിയാകില്ല. അതിനൊരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: ആ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയാത്തതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം കഷ്ടിച്ച് നൂറ് മീറ്റർ സ്ഥലത്ത് പൈപ്പിടുന്നതിനുള്ള പ്രാദേശികമായ തർക്കമാണ്. ശ്രീ. സി. കെ. പി പത്മനാഭൻ വളരെ താൽപ്പര്യമെടുത്താണ് ഈ കാര്യങ്ങൾ ചെയ്യുന്നത്. നിലവിലുള്ള പ്ലാൻ വഴിതന്നെ പൂർത്തീകരിക്കാൻ കഴിയുമെങ്കിൽ മൂന്ന് മാസത്തിനുള്ളിൽ ഭാഗികമായി കമ്മീഷൻ ചെയ്യാൻ കഴിയും. പരമാവധി നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. എം. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെന്നിത്തല, ചെട്ടിക്കുളങ്ങര, തെക്കേക്കര, ഭരണിക്കാവ്, വള്ളിക്കുന്നം എന്നീ അഞ്ച് പഞ്ചായത്തുകൾക്കും കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത്, ചെങ്ങന്നൂർ മണ്ഡലത്തിലെ മാന്നാർ പഞ്ചായത്ത് ഇങ്ങനെ ഏഴ് പഞ്ചായത്തുകൾക്ക് രണ്ട് ഘട്ടങ്ങളിലായിട്ടുള്ള വാട്ടർ സപ്ലൈ സ്കീമിന്റെ ഒന്നാം ഘട്ടം ആരംഭിച്ചിട്ട് 13 വർഷമായി. അതിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തീർന്നു, പക്ഷേ പമ്പിംഗ് മെയിൻ പൂർത്തീകരിക്കാത്തതുകൊണ്ട് ഈ പദ്ധതി കമ്മീഷൻ ചെയ്യാനോ രണ്ടാം ഘട്ടം പണി തുടങ്ങാനോ പറ്റുന്നില്ല. ഇതിന് 36 കോടി രൂപ വേണം. അങ്ങ് ദയവായി ഇക്കാര്യത്തിൽ ഇടപെട്ട് ഒന്നാം ഘട്ടമെങ്കിലും കമ്മീഷൻ ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം.

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: ഒന്നാം ഘട്ടം ഈ വർഷം തന്നെ കമ്മീഷൻ ചെയ്യും. അതിനകത്ത് വന്നിരിക്കുന്ന സാങ്കേതികമായ തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽത്തന്നെ മാവേലിക്കര മണ്ഡലത്തിൽ റിവ്യൂ മീറ്റിംഗ് കൂടുന്നുണ്ട്. ആ യോഗത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ജലം ജീവന്റെ ആധാരമാണ്. അതുപോലെ ജലം കൈകാര്യം ചെയ്യുന്നവരെയൊക്കെ ജനങ്ങൾക്ക് ഇഷ്ടവുമാണ്. അതുകൊണ്ടുതന്നെ അത് നന്നായി കൈകാര്യം ചെയ്യുന്ന അങ്ങയെയും ഈ വകുപ്പിനെയും ജനങ്ങൾക്ക് ഇഷ്ടമാണ്. ജല അതോറിറ്റിയെ ജനങ്ങൾ വെറുക്കുന്നത് പലപ്പോഴും റോഡ് വെട്ടിപ്പൊളിക്കുമ്പോഴാണ്. ലോകത്തിലെ പല രാജ്യങ്ങളിലും പൈപ്പ് കടന്നുപോകാൻ കമ്മ്യൂണിറ്റി സ്പെയ്സ് നിർമ്മിച്ചിട്ടുണ്ട്. എല്ലാ റോഡുകളും വെട്ടിപ്പൊളിക്കുന്ന അവസ്ഥ മാറ്റി പുതിയ റോഡുകൾ പണിയുമ്പോൾ പൈപ്പ് പോകാൻ വേണ്ടി ഒരു കമ്മ്യൂണിറ്റി സ്പെയ്സ് ഇടുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: പുതിയ റോഡുകളുടെയൊക്കെ നിർമ്മാണത്തിൽ ഒരു യൂട്ടിലിറ്റി ഡക്ട് എന്ന പേരിൽ പൈപ്പ്, കേബിൾ തുടങ്ങിയവ പോകുന്നതിനുവേണ്ടിയുള്ള പ്രത്യേക സംവിധാനമുണ്ട്.

പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ

3 (*513) ശ്രീ. ബാബുപോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. കെ അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോസ്റ്റ് ബേസിക് നഴ്സിംഗ് കോളേജുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജനറൽ നഴ്സിംഗ് പാസ്സായവർക്ക് ബി.എസ്.സി. നഴ്സിംഗിന് തുല്യമായ പരിശീലനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly